# പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2740 09.03.2017-ൽ മറുപടിയ്ക്ക്

## സാംസ്കാരിക രംഗത്ത് സംസ്ഥാന തലത്തിൽ അവാർഡ്

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.ഡി.കെ. മുരളി:** | **ശ്രീ.എ.കെ. ബാലൻ**<br>**പട്ടിക ജാതി പട്ടികവർഗ്ഗ**<br>**പിന്നോക്ക സമുദായ ക്ഷേമവും നിയമവും**<br>**സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി** |
| (എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സാംസ്കാരിക രംഗത്തെ പ്രവർത്തനങ്ങൾ പരിപോഷിപ്പിക്കുന്നതിനായി എന്തെല്ലാം പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്; വിശദീകരിക്കുമോ; | (എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കേരളാ ഇൻഫ്രാസ്ട്രക്ച്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് (KIIFB) യുടെ സാമ്പത്തിക സഹായത്തോടെ താഴെപ്പറയുന്ന മൂന്ന് ബൃഹത് പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിനുള്ള പ്രാരംഭ നടപടികൾ സർക്കാർ സ്വീകരിച്ചിട്ടുണ്ട്.<br>(i) എല്ലാ ജില്ലകളിലും നവോത്ഥാന നായകരുടെ പേരിൽ സാംസ്കാരിക സമുച്ചയം.<br>(ii) കേരളത്തിൽ സംഘടിപ്പിക്കുന്ന അന്താരാഷ്ട്ര ചലച്ചിത്രമേളയ്ക്കായി തിരുവനന്തപുരം ചിത്രാഞ്ജലി സ്റ്റുഡിയോ കോമ്പൗണ്ടിൽ സ്ഥിരം വേദി.<br>(iii) തിരുവനന്തപുരത്തെ ചിത്രാഞ്ജലി സ്റ്റുഡിയോ അന്താരാഷ്ട്ര ഫിലിം സിറ്റിയായി വികസിപ്പിക്കുന്നതിനുള്ള പദ്ധതി.<br>(iv) 2017-18 സാമ്പത്തിക വർഷത്തിൽ കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷന്റെ ആഭിമുഖ്യത്തിൽ വിവിധ ജില്ലകളിൽ തീയേറ്ററുകൾ ആരംഭിക്കാനുള്ള പദ്ധതി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നു.<br>(v) ശ്രീനാരായണ ഗുരുവിന്റെ 'നമുക്ക് ജാതിയില്ല' വിളംബരത്തിന്റെ നൂറാം വാർഷികം ലൈബ്രറി കൗൺസിൽ, പി.ആർ.ഡി. വകുപ്പുകളുമായി ചേർന്ന് സംസ്ഥാന വ്യാപകമായി സംഘടിപ്പിച്ചു. ഗുരുവിന്റെ 'നമുക്ക് ജാതിയില്ല' വിളംബരം കലണ്ടർ രൂപത്തിൽ പ്രിന്റ് ചെയ്ത് വീടുകളിൽ എത്തിക്കുന്ന പരിപാടി നടപ്പിലാക്കി. |

(vi) കലാകാരന്മാരുടെ പെൻഷൻ ഇരട്ടിയാക്കി വർദ്ധിപ്പിച്ചു.

(vii) സാംസ്കാരിക പ്രവർത്തനങ്ങൾക്ക് സ്ഥാപനങ്ങൾക്ക് നൽകുന്ന ധനസഹായത്തിന്റെ മാനദണ്ഡങ്ങൾ പുതുക്കി നിശ്ചയിക്കുന്നതിന് വിദഗ്ധ സമിതിയെ നിയോഗിച്ചു.

**(viii) അടൂർ ഗോപാലകൃഷ്ണൻ കമ്മിറ്റി ശുപാർശയിൽ** പറയും പ്രകാരം സിനിമാ മേഖലയിലെ പ്രശ്നങ്ങളിൽ ഇടപെടുന്നതിന് റെഗുലേറ്ററി സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ ആരംഭിച്ചു.

(ബി) സാംസ്കാരിക രംഗത്ത് മികച്ച പ്രവർത്തനം കാഴ്ചവയ്ക്കുന്നവർക്ക് സംസ്ഥാന തലത്തിൽ അവാർഡ് ഏർപ്പെടുത്തുന്നതിനെക്കുറിച്ച് ആലോചിക്കുന്നുണ്ടോ; വിശദമാക്കാമോ?

(ബി) സാംസ്കാരിക രംഗത്ത് മികച്ച പ്രവർത്തനം കാഴ്ചവയ്ക്കുന്നവർക്ക് സംസ്ഥാന തലത്തിൽ താഴെപ്പറയുന്ന അവാർഡുകൾ നൽകി വരുന്നു.

| മേഖല | പുരസ്കാരം |
|---|---|
| 1) സാഹിത്യം | - എഴുത്തച്ഛൻ പുരസ്കാരം |
| 2) കഥകളി | - സംസ്ഥാന കഥകളി പുരസ്കാരം |
| 3) വാദ്യകല | - പല്ലാവൂർ അപ്പുമാരാർ പുരസ്കാരം |
| 4) നൃത്തം | - സംസ്ഥാന നൃത്ത നാട്യ പുരസ്കാരം |
| 5) ചിത്രകല | - രാജാ രവിവർമ്മ പുരസ്കാരം |
| 6) സംഗീതം | - സ്വാതി പുരസ്കാരം |

**സെക്ഷൻ ഓഫീസർ**